MONDAY

03-10-2022

തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Suraj S** **Editor : Dr Saritha Vijayan K**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-03/10/2022.

1. പി എം കിസാൻ ഗുണഭോക്താക്കളായ കർഷകർക്ക് ഭൂമി സംബന്ധമായ വിവരങ്ങൾ, e-KYC എന്നിവ ചേർക്കുന്നതിനുള്ള സമയപരിധി സെപ്റ്റംബർ 30 വരെ നീട്ടി. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സ്വന്തം പേരിലുള്ള കർഷകർ സെപ്റ്റംബർ 30-നു മുൻപായി കൃഷിവകുപ്പിന്റെ എയിംസ് പോർട്ടൽ (www.aims.kerala.gov.in) മുഖേനെ സ്വന്തം പേരിലുള്ള ഭൂമിയുടെ വിവരങ്ങൾ ReLIS പോർട്ടലിൽ അടിയന്തിരമായി ചേർക്കേണ്ടതുണ്ട്. റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) പോർട്ടലിൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ലാത്ത കർഷകർ ആയത് ഉൾപ്പെടുത്തുന്നതിന് വില്ലേജ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. എല്ലാ പി എം കിസാൻ ഗുണഭോക്താക്കളും സെപ്റ്റംബർ 30-നു മുൻപായി നേരിട്ട് pm-kisan പോർട്ടൽ വഴിയോ, അക്ഷയ, ഡിജിറ്റൽ സേവന കേന്ദ്രങ്ങൾ വഴിയോ eKYC പൂർത്തിയാക്കണം. സ്വന്തം കൃഷിഭൂമിയുടെ വിവരങ്ങൾ സമർപ്പിക്കൽ, eKYC നടപടിക്രമം എന്നിവ മേൽപ്പറഞ്ഞ സമയപരിധിക്കുള്ളിൽ പൂർത്തിയാകാത്ത ഗുണഭോക്താക്കൾക്കു പദ്ധതിയുടെ തുടർന്നുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് കാർഷിക വിവര സങ്കേതം ടോൾഫ്രീ നമ്പർ **1800 –425 –1661** ലോ, പി എം കിസാൻ സംസ്ഥാന ഹെൽപ് ഡെസ്ക് നമ്പറായ **0471 – 2964022, 2304022** ലോ ബന്ധപ്പെടാവുന്നതാണ്.

2. നാളികേര വികസന ബോർഡിന്റെ നേര്യമംഗലത്തുള്ള വിത്തുൽപാദന പ്രദർശന തോട്ടത്തിൽ ഗുണമേന്മയുള്ള നാടൻ, കുറിയ ഇനം തെങ്ങിൻ തൈകൾ വിൽപനയ്ക്കു തയാറായിട്ടുണ്ട്. നാടൻ തൈ ഒന്നിന് 100 രൂപയും, കുള്ളൻ തൈ ഒന്നിന് 110 രൂപയുമാണ് വില. 10 തൈകൾ എങ്കിലും വാങ്ങുന്ന കർഷകർക്ക് സി.ഡി.ബിയുടെ തെങ്ങു പുതുകൃഷി പദ്ധതി പ്രകാരമുള്ള സബ്സിഡി ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസുമായോ **0485 – 2254240** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

3. റബ്ബറുത്പാദന പ്രോത്സാഹനപദ്ധതിയിൽ അംഗങ്ങളാകാത്ത കർഷകർക്ക് 2022 നവംബർ 30 വരെ രജിസ്റ്റർ ചെയ്യാൻ അവസരമുണ്ടായിരിക്കുന്നതാണ്. ഇതിനായി നിശ്ചിത ഫോറത്തിൽ അടുത്തുള്ള

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

റബ്ബറുത്പാദക സംഘത്തിൽ അപേക്ഷ നൽകണം. അപേക്ഷയോടൊപ്പം അപേക്ഷകന്റെ ഫോട്ടോ, റബ്ബർ നിൽക്കുന്ന സ്ഥലത്തിന്റെ തന്നാണ്ട് കരം അടച്ച രസീത്, ബാങ്ക് പാസ്ബുക്കിന്റെ കോപ്പി എന്നിവയോടൊപ്പം ആധാർ കാർഡ്, പാൻ കാർഡ്, പാസ്പോർട്ട്, ഡ്രൈവിങ് ലൈസൻസ് എന്നിവയിൽ ഏതിന്റെയെങ്കിലും കോപ്പിയും ഹാജരാക്കണം. പദ്ധതിയിൽ നേരത്തെ രജിസ്റ്റർ ചെയ്തിട്ടുള്ളവർ സ്ഥലത്തിന്റെ തന്നാണ്ട് കരമടച്ചതിന്റെ രസീത് ഹാജരാക്കി രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. പുതുതായി പദ്ധതിയിൽ ചേരുന്നവരുടെ, 2022 ജൂലൈ 01 മുതലുള്ള പർച്ചേസ്/സെയിൽസ് ബില്ലുകൾ മാത്രമേ സഹായധനത്തിന് പരിഗണിക്കുകയുള്ളൂ. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് ഓഫീസുമായോ **0481 2576622** എന്ന റബ്ബർബോർഡ് കോൾ സെന്റർ ഫോൺ നമ്പരുമായോ ബന്ധപ്പെടുക.

4. സംസ്ഥാന ഫലമായ ചക്കയുടെ പ്രസക്തി ഭക്ഷ്യസുരക്ഷയ്ക്കും സുരക്ഷിത ഭക്ഷണവും എന്ന നിലയിൽ ഇക്കാലത്ത് ഏറിക്കൊണ്ടിരിക്കുകയാണ്. വിവിധ ഇനം നാടൻ ചക്ക ഇനങ്ങളെ കണ്ടെത്തി സംരക്ഷിക്കുന്നതിനായി കേരള കാർഷിക സർവകലാശാല, കർഷകപങ്കാളിത്തത്തോടെ വിദ്യാർത്ഥി ഗവേഷണ പദ്ധതിയിൽ ഉൾപ്പെടുത്തി. കാലം തെറ്റി (സെപ്റ്റംബർ മുതൽ നവംബർ വരെയോ) അല്ലെങ്കിൽ വർഷം മുഴുവൻ കായ്ക്കുന്നതുമായ പ്ലാവിനങ്ങളുടെ വിവരങ്ങൾ തൃശൂർ ജില്ലയിലെ കർഷകർ **9496402922** എന്ന ഫോൺ മുഖേനയോ, വാട്സ്ആപ്പിലൂടെയോ അറിയിക്കണണമെന്ന് അഭ്യർത്ഥിക്കുന്നു.

5. തിരുവനന്തപുരം ജില്ലയിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി/ സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാതലത്തിൽ തെരഞ്ഞെടുത്ത് പുരസ്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾ അല്ലെങ്കിൽ അംഗീകൃത സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങളും സഹിതം ഒക്ടോബർ മാസം മുപ്പത്തിയൊന്നാം തീയതിക്കകം തിരുവനന്തപുരം ജില്ല വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ മൂന്നു വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരഞ്ഞെടുക്കുന്ന വർക്ക് 10000/- രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതാണ്. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്ടറുടെ ശുപാർശസഹിതം

സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫോറങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

6. കോട്ടയം ജില്ലയിലെ മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിൽ ഒരു ദിവസം പ്രായമായ കൂടുതൽ തൂക്കംവെയ്ക്കുന്നതും കൂടുതൽ രോഗപ്രതിരോധശേഷി ഉള്ളതുമായ കാവേരി ഇനത്തിൽപ്പെട്ട പൂവൻ കോഴിക്കുഞ്ഞുങ്ങളെ അഞ്ച് രൂപ (5/- രൂപ) നിരക്കിൽ **ഒക്ടോബർ 3-ാം** തീയതിക്കുശേഷം വിതരണം ചെയ്യുന്നതാണെന്ന് ഫാം അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കും ബിക്കിംഗിനുമായി **0481 2373710, 8301897710** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

7. കഴക്കൂട്ടം ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ളോറി കൾച്ചർ സെന്റർ നടത്തുന്ന ആറു മാസം ദൈർഘ്യമുള്ള പ്ലാന്റ് ടിഷ്യുകൾച്ചർ ടെക്നീഷ്യൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് 01.04.22 ൽ 35 വയസ്സിനു താഴെ പ്രായമുള്ള അഗ്രികൾച്ചർ / ബയോളജി /ബോട്ടണി വിഷയങ്ങളിൽ പ്ലസ് ടു /വി എച്ച് എസ് ഇ പാസായിട്ടുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഒരു ബാച്ചിൽ ഇരുപത് പേർക്ക് മാത്രം പ്രവേശനം നൽകുന്ന കോഴ്സിന് ഫീസ് 4500 രൂപ യാണ്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്രതിമാസം 1500 രൂപ സ്റ്റൈപ്പൻന്റോടുകൂടി മൂന്നുമാസത്തേക്ക് അപ്രെന്റിസ്ഷിപ്പ് ട്രെയിനിങ്ങും നൽകുന്നതാണ്. അപേക്ഷാ ഫോമും പ്രോസ്പെക്ടസും ഒക്ടോബർ ഒന്ന് (1.10.2022) വരെ ഈ ഓഫീസിൽ നിന്നും രാവിലെ 10 മണി മുതൽ വൈകിട്ട് 4. 30 മണി വരെ നേരിട്ട് ലഭിക്കുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ മൂന്ന് (03.10.2022) വൈകിട്ട് 5:00 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് **0471 2413739, 9383470293, 9383470294** എന്നീ ഫോൺ നമ്പറുകളിലോ, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ളോറി കൾച്ചർ സെന്റർ, കഴക്കൂട്ടം, തിരുവനന്തപുരം 695 582 എന്ന മേൽവിലാസത്തിലോ, bmfctvm@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. തെങ്ങിൽ ചെമ്പൻ ചെല്ലിയുടെ ഉപദ്രവം കൂടുതലായി കണ്ടു വരുന്നു. തെങ്ങിൻ തടിയിൽ ദ്വാരങ്ങളും, അതിലൂടെ തവിട്ടു നിറത്തിലുള്ള ദ്രാവകവും, ചെല്ലി ചവച്ച നാരുകളും ചണ്ടിയും മറ്റും പുറത്തേയ്ക്ക് വരുന്നത് കണ്ടാൽ ശ്രദ്ധിക്കണം. ഓലയുടെ കടഭാഗം നെടുകെ പിളരുക, നടുനാമ്പ് വാടിപ്പോവുക എന്നിവയാണ് മറ്റു ലക്ഷണങ്ങൾ. തോട്ടം വൃത്തിയായി സൂക്ഷിക്കുകയാണ് ആദ്യം വേണ്ടത്. തെങ്ങിൽ ഏതെങ്കിലും വിധത്തിൽ മുറിവുണ്ടാകുന്നത് തടയണം. ആക്രമണമുള്ള തെങ്ങിന്റെ ദ്വാരങ്ങൾ കണ്ടു പിടിച്ച് ഏറ്റവും മുകളിലത്തെ ദ്വാരമൊഴികെ ബാക്കിയെല്ലാം അടച്ച ശേഷം മുകളിലെ ദ്വാരത്തിൽ കൂടി ചോർപ്പുപയോഗിച്ച് ഇമിഡാക്ലോപ്രിഡ് 1 മില്ലി 1 ലിറ്റർ എന്ന തോതിൽ ഒഴിച്ചു കൊടുക്കണം. ഫെറമോൺ കെണി ഉപയോഗിച്ചും ചെമ്പൻ ചെല്ലിയെ നിയന്ത്രിക്കാം. വിദഗ്ധരുടെ ഉപദേശമനുസരിച്ച് വേണം ഫെറമോൺ കെണി ഉപയോഗിക്കുവാൻ.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം